ജി. എൽ. പി. എസ്. തെക്കിൽ ഈസ്റ്റ്

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 26

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. എൽ. പി. സ്കൂൾ തെക്കിൽ ഈസ്റ്റ് |
| ഫോൺ | : | |
| സ്കൂൾ കോഡ് | : | 11428 |
| വിദ്യാഭ്യാസ ഉപജില്ല | : | കാസർഗോഡ് |
| റവന്യൂ ജില്ല | : | കാസർഗോഡ് |
| ബി.ആർ.സി | : | കാസർഗോഡ് |
| സി.ആർ.സി | : | തെക്കിൽ വെസ്റ്റ് |
| ഗ്രാമപഞ്ചായത്ത് | : | ചെമ്മനാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | കാസർഗോഡ് |
| ജില്ലാ പഞ്ചായത്ത് | : | കാസർഗോഡ് |
| നിയമസഭാ മണ്ഡലം | : | ഉദുമ |
| ലോകസഭാ മണ്ഡലം | : | കാസർഗോഡ് |
| താലൂക്ക് | : | കാസർഗോഡ് |
| വില്ലേജ് | : | തെക്കിൽ |
| ഇ-മെയിൽ | : | begips@gmail.com |
| സ്കൂൾ ബ്ലോഗ് | : | www.11428glpsthekkil east blog.spot.in |
| സ്കൂൾ വിക്കി | : | കാസർഗോഡ് (Revenue Dist) GLPS Thekkil East |

# ആമുഖം

ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ തെക്കിൽ വില്ലേജിൽ മുണ്ടംവയൽ എന്ന ഗ്രാമത്തിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. വയലുകളും തെങ്ങിൻ തോപ്പുകളും നിറഞ്ഞ ഈ പ്രദേശം പ്രകൃതിരമണീയമാണ്.

സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ജനസമൂഹമാണ് ഇവിടെ ഉള്ളത്. സ്കൂളിന്റെ സമീപത്തായി മൂന്ന് എൽ.പി. സ്കൂളുകളും ധാരാളം ഇംഗ്ലീഷ് മീഡിയം (അൺ എയ്ഡഡ്) സ്കൂളുകളും ഉണ്ട്. ഇവ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ സാരമായ കുറവ് വരുത്തിയിട്ടുണ്ട്.

ഒരു ഭാഗത്ത് കുന്നും മറ്റു മൂന്നു ഭാഗത്തും വയലുകളും നിറഞ്ഞ പ്രദേശമാണിത്. മുണ്ടേംവയൽ (തർക്കം) പടിഞ്ഞാറേ വയൽ എന്ന പദത്തിൽ നിന്നാണ് മുണ്ടംവയൽ എന്ന പേര് വന്നത് എന്നാണ് പഴമക്കാർ പറയുന്നത്. ഭൂരിഭാഗം ജനങ്ങളും കൃഷിക്കാരും കർഷകത്തൊഴിലാളികളുമാണ്.

## ലക്ഷ്യങ്ങൾ

- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ മികച്ചതും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർധിപ്പിക്കൽ.
- പ്രീ-പ്രൈമറി മുതൽ നാലാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
- അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപ്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സഹായം ഒരുക്കൽ.

- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- സമപ്രായക്കൂട്ട കുട്ടികൾ തമ്മിൽ ചർച്ച ചെയ്താൽ വിഷയം ഗ്രഹിക്കും. ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
- പരിസരത്തിലെ മാതൃകാ സ്കൂളുകളെ സർവ്വതല വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനു കുട്ടികളെ പ്രാപ്തരാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

1. SRG യോഗത്തിൽ അക്കാദമിക മാസ്റ്റർ പ്ലാൻ അവതരിപ്പിക്കലും ചർച്ചയും.
2. വികസനാവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ അക്കാദമികം - സാമൂഹികം എന്നിങ്ങനെ തരംതിരിച്ച് രൂപരേഖ തയ്യാറാക്കൽ.
3. കരട് രൂപരേഖ SRG, PTA, MPTA, രാഷ്ട്രീയ സംഘടന പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരുടെ മുൻപാകെ അവതരിപ്പിക്കൽ.
4. പി.ടി.എ.യുടെ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ.

നാല് സ്ഥിരം അധ്യാപകരും ഒരു പി.ടി.സി.എം.-ഉം ആണ് സ്കൂളിലുണ്ടായിരുന്നത്. പി.ടി.സി.എം.-ന് ഈയിടെ പ്രമോഷൻ ആയി. നിലവിൽ പി.ടി.സി.എം. ഇല്ല. പ്രീ-പ്രൈമറി വിഭാഗം കൈകാര്യം ചെയ്യുന്ന ഒരു ടീച്ചർ ഉണ്ട്. 1 മുതൽ 4 വരെ ക്ലാസുകളാണ് ഇവിടുള്ളത്.

കഴിഞ്ഞ കുറേ വർഷങ്ങളായി കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്ന പ്രവണതയാണ് ഉള്ളത്. കുട്ടികളുടെ എണ്ണക്കുറവ് സ്കൂൾ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. പി.ടി.എ.യു., SSG, SRG, പൂർവ്വ വിദ്യാർത്ഥി സംഘടന എന്നിവയും സജീവമായി രംഗത്തുണ്ട്.

പരിമിതമായ സൗകര്യങ്ങളേ വിദ്യാലയത്തിനുള്ളൂ. ലൈബ്രറി, ലാബ്, സ്റ്റോർ റൂം, സ്റ്റാഫ് റൂം, കമ്പ്യൂട്ടർ എന്നിവയെല്ലാം ഓഫീസ് റൂമിലാണ് പ്രവർത്തിക്കുന്നത്. മിക്ക കുട്ടികളും പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്തുന്നു.

## മികവുകൾ

2025 വർഷത്തെ എൽ.എസ്.എസ്. പരീക്ഷയിൽ രണ്ട് കുട്ടികൾക്ക് എൽ.എസ്.എസ്. ലഭിച്ചു. ഉപജില്ലാ കലോത്സവത്തിലും, ശാസ്ത്ര-സാമൂഹ്യ-പ്രവൃത്തിപരിചയ മേളകളിലും മിന്നുന്ന പ്രകടനമാണ് നമ്മുടെ കുട്ടികൾ കാഴ്ച വെച്ചത്. പങ്കെടുത്ത എല്ലാ ഇനങ്ങളിലും കുട്ടികൾ സമ്മാനം നേടി.

ഒന്നാം സ്ഥാനവും നാടോടിനൃത്തത്തിൽ 11nd A grade-ഉം നേടിയിട്ടുണ്ട്. ഉപജില്ലാ കലോത്സവത്തിൽ 8-പോയിന്റിന്റെ വ്യത്യാസത്തിലാണ് ഞങ്ങളുടെ സ്കൂളിന് overall കിരീടം നഷ്ടപ്പെട്ടത്. ഒരുപാട് കുട്ടികളുള്ള സ്കൂളുകളോട് മത്സരിച്ചാണ് 24 കുട്ടികൾ മാത്രമുള്ള ഞങ്ങളുടെ സ്കൂൾ ഇത്ര നേട്ടം കൈവരിച്ചത്. ഇങ്ങനെ ചിന്തയെ ഉണർത്തുന്നതിനായി മലയാളത്തിലും ഇംഗ്ലീഷ് ക്വിസുകൾ എല്ലാ ദിവസവും കുട്ടികൾക്ക് നൽകിയിരുന്നു. അതിലൂടെ കുട്ടികൾ മുന്നോട്ട് വന്നിട്ടുണ്ട്. ഇതോടൊപ്പം അറിവുനേടാം ക്വിസ് മത്സര ചോദ്യങ്ങൾ ദിവസവും കുട്ടികൾക്കു നൽകിയതിലൂടെ പൊതുവിജ്ഞാനം 1 മുതൽ 4 വരെ ക്ലാസിലെ കുട്ടികൾക്ക് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്വന്തമായി ചെറിയ രീതിയിലൂടെ പച്ചക്കറിത്തോട്ടവും വാഴകൃഷിയും നടത്തി വരുന്നു. ഹരിതാഭമായ ചുറ്റുപാടുകൾ സ്കൂളിന്റെ അലങ്കാരമാണ്.

## പരിമിതികൾ

കുട്ടികളുടെ എണ്ണക്കുറവാണ് ഏറ്റവും പ്രധാന പ്രശ്നം. പരിസരത്തുള്ള ഗവ. യു.പി. സ്കൂളുകളും അൺ-എയ്ഡഡ്, ഇംഗ്ലീഷ് മീഡിയം സ്കൂളുകളും കുട്ടികളുടെ എണ്ണക്കുറവിന് കാരണമായിട്ടുണ്ട്. രക്ഷിതാക്കൾ അധികവും കർഷക തൊഴിലാളികളാണ്. വിദ്യാഭ്യാസത്തിൽ പിന്നോക്കക്കാരായ അവർക്ക് കുട്ടികളുടെ പഠനത്തിൽ വേണ്ടവിധം ശ്രദ്ധിക്കാൻ കഴിയുന്നില്ല.

സ്കൂളിൽ ആവശ്യത്തിന് ഭൗതിക സൗകര്യങ്ങളില്ല. കമ്പ്യൂട്ടർ ലാബ്, ഇന്റർനെറ്റ് തുടങ്ങിയവ പേരിന് മാത്രമേ ഉള്ളൂ. ക്ലാസ് മുറികളും, സ്റ്റാഫ് റൂം എന്നിവയെല്ലാം ഷീറ്റ് റൂമിലാണ് പ്രവർത്തിക്കുന്നത്.

സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം കഴിഞ്ഞെങ്കിലും വൈദ്യുതി കണക്ഷൻ ലഭിക്കാത്തത് വലിയ ബുദ്ധിമുട്ട് ഉണ്ടാകുന്നു. നിലവിൽ പുതിയ കെട്ടിടത്തിൽ പ്രീ-പ്രൈമറിക്ക് സ്ഥലം. ക്ലാസുകൾ ഉടനെ. ചൈൽഡ് ഫ്രണ്ട്‌ലിയായ ഒരു ക്ലാസ്റൂമും ഫർണിച്ചറുകളും കുട്ടികൾക്ക് പഠനം ലഭ്യമാകും. കൂടാതെ ജൈവവൈവിധ്യ പാർക്കുകൂടി വന്നാൽ സ്കൂളിന്റെ മുഖച്ഛായ തന്നെ മാറി മറിഞ്ഞേക്കാം.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### അക്കാദമികം

→ ഭാഷാ ശേഷി വികസനം

→ ഇംഗ്ലീഷ് പരിപോഷണം

→ വായന പരിപോഷണം

→ ക്ലാസ് ലൈബ്രറി ശക്തീകരിക്കൽ

→ പ്രഭാത ഭക്ഷണ പരിപാടി

→ ജൈവവൈവിധ്യ പാർക്ക്

→ പഠനയാത്രകൾ

→ ഐ.സി.ടി. പരിശീലനം

→ ക്ലാസ് പി.ടി.എ. സജീവമാക്കൽ

- → പ്രവൃത്തി പരിചയപഠനം
- → എസ്. ആർ. ജി. ശാക്തീകരണം
- → ഗണിത ശേഷി വികസനം
- → ശാസ്ത്ര പരിപോഷണ പരിപാടി
- → ലൈബ്രറി ശാക്തീകരണം
- → ലബോറട്ടറി സജ്ജീകരിക്കൽ
- → സാഹിത്യ പോഷണ പരിപാടി
- → കല - കായികമേളകൾ
- → അധ്യാപക ശാക്തീകരണ പരിപാടി
- → സ്കൂൾ പത്രം
- → ഒന്നാം ക്ലാസ് ഒന്നാന്തരം
- → ശാസ്ത്രാഭിരുചി വളർത്തൽ
- → പച്ചക്കറിത്തോട്ടം
- → അഭിമുഖം
- → പോഷകാഹാര പരിപാടി
- → നിരന്തര വിലയിരുത്തൽ
- → കായിക പഠനം
- → രചനാ ശില്പശാല
- → ദിനാചരണങ്ങൾ
- → ഗണിത ലാബ്
- → ടേം മൂല്യനിർണ്ണയം
- → കണ്ടെത്താം അറിവുത്സവം (ക്വിസ് / പൊതുവിജ്ഞാനം)

## സാമൂഹികം

- പി.ടി.എ ശക്തിപ്പെടുത്തൽ
- വിദ്യാലയ വികസന സമിതി
- എസ്.എസ്.ജി
- എസ്.എം.സി. കാര്യക്ഷമമാക്കൽ
- പൂർവ്വ വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനം
- ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ.
- ക്ലാസ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
- വിദ്യാലയ വിഭവങ്ങൾ പൊതുസമൂഹവുമായി പങ്കിടൽ.
- വിദ്യാലയവിഭവങ്ങൾ സമൂഹത്തിനായി പ്രയോജനപ്പെടുത്തൽ
- ഭവനസന്ദർശനം.

| SL NO | പ്രവർത്തനം | [illegible] | ചുമതല | സമയക്രമം |
| --- | --- | --- | --- | --- |
| 1 | ഇംഗ്ലീഷ് അസംബ്ലി വേള<br>ഇംഗ്ലീഷ് ഭാഷാ പഠനം<br>ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക.<br>അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസ്സുകാർക്കും ഇടവിട്ട് ചുമതലകൾ നൽകൽ. | • എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് പേടിയില്ലാതെ എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.<br>• 1-4 ക്ലാസുകാർ ഇടവിട്ട് പ്രവർത്തനം ചെയ്യും. | ക്ലാസ് ടീച്ചർ | ആഴ്ചയിൽ ഒരു ദിവസം<br>- |
| 2. | ഇംഗ്ലീഷ് ഡയറി<br>ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടന്ന സംഭവങ്ങളുടെ ചുരുക്കം ലഘുവാക്യങ്ങളിൽ ഇംഗ്ലീഷിൽ എഴുതുക. | • തെറ്റില്ലാതെ സ്വന്തമായി ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ.<br>3,4 ക്ലാസുകൾക്ക് | ക്ലാസ് ടീച്ചർ | എല്ലാ ദിവസവും. |
| 3. | ഇംഗ്ലീഷ് ക്ലബ്ബ്<br>പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി സദസ്സിൽ ഭംഗിയായി അവതരിപ്പിക്കൽ | • ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള വേദി ഒരുക്കൽ<br>1-4 വരെ ക്ലാസുകൾ | ഇംഗ്ലീഷ് ക്ലബ്ബ് ചാർജ്ജ് അധ്യാപിക. ക്ലാസ് ടീച്ചർ | ആഴ്ചയിൽ ഒരു ദിവസം |

| | | | |
|---|---|---|---|
| 4. ഇംഗ്ലീഷ് ഫെസ്റ്റ് വർഷത്തിൽ ഒരു ദിവസം ഇംഗ്ലീഷ് ഭാഷയിലെ കുട്ടികളുടെ മികവ് അവതരിപ്പിക്കൽ. (വാർഷിക പരിപാടിയായി) | ഇംഗ്ലീഷ് ഭാഷയിലെ കുട്ടികളുടെ മികവുകൾ സമൂഹമാധ്യമത്തിൽ അവതരിപ്പിക്കൽ | Hm, എല്ലാ ക്ലാസ് ടീച്ചർമാരും, PTA | വർഷത്തിൽ ഒരു ദിവസം മാർച്ച് മാസത്തിൽ |
| 5. ലൈബ്രറി ശാക്തീകരണം മലയാളം - ഇംഗ്ലീഷ് ഭാഷാ ശേഷി വികസനം ലൈബ്രറിയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ, വർഗീകരിച്ച് ക്രമീകരിക്കൽ, വിതരണ രജിസ്റ്റർ തയ്യാറാക്കൽ. | ഓരോ ക്ലാസിലും അനുയോജ്യമായ പാഠഭാഗവുമായ കഥകൾ, കവിതകൾ സമാഹരിക്കൽ. 1-4 ക്ലാസുകൾക്ക് | HM, PTA, അധ്യാപകർ | വർഷത്തിൽ ഒരു പ്രാവശ്യം |
| ജന്മദിനത്തിനൊരു പുസ്തകം ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യൽ | പുസ്തക സമാഹരണം 1-4 ക്ലാസുകൾ | ക്ലാസ് ടീച്ചർ | എല്ലാ ജന്മദിനങ്ങളിലും |

| | | | |
|---|---|---|---|
| ഡയറി പ്രസിദ്ധീകരണം. ഓരോ ദിവസവും സ്കൂളിലും വീട്ടിലും നടക്കുന്ന കാര്യങ്ങൾ ഭാവനാത്മകമായ രീതിയിൽ എഴുതി പ്രസിദ്ധീകരിക്കൽ. | മലയാള ഭാഷയെ കുട്ടികളെ എഴുതാൻ 3-4 ക്ലാസുകൾ | HM, ക്ലാസ് ടീച്ചർ | വർഷത്തിൽ ഒരിക്കൽ |
| സംഘാത്മക ഡയറി പ്രസിദ്ധീകരണം. ഓരോ ദിവസവും സ്കൂളിലും വീട്ടിലും നടക്കുന്ന കാര്യങ്ങൾ ഭാവനാത്മകമായ രീതിയിൽ എഴുതി പ്രസിദ്ധീകരിക്കൽ | അക്ഷരം, ചിഹ്നങ്ങൾ ഇവ തെറ്റില്ലാതെ എഴുതാനുള്ള പരിശീലനം. 1-2 ക്ലാസുകൾ | അധ്യാപകർ | വർഷത്തിൽ ഒരിക്കൽ |
| കണ്ടെത്താം അറിവ് നേടാം. ക്വിസ് മത്സരം സംഘടിപ്പിക്കൽ. ഓരോ ആഴ്ചയിലും കുട്ടികൾക്കായി ഒരു പൊതുവിജ്ഞാനം ഉൾപ്പെടുത്തി ക്വിസ് മത്സരം സംഘടിപ്പിക്കൽ. എല്ലാ ആഴ്ചയിലെയും വിജയികളുടെ പേരുകൾ ബുള്ളറ്റിൻ ബോർഡിൽ | കുട്ടികളെ അറിവ് കണ്ടെത്താനും മത്സരബുദ്ധി വളർത്താനും പൊതുവിജ്ഞാനം മെച്ചപ്പെടുത്തി നേടിയെടുക്കാനുമുള്ള പരിശീലനം. | | |

| | | | |
|---|---|---|---|
| പേര് പതിപ്പിക്കൽ മാസാവസാനം കൂടുതൽ വിജയിയായ കുട്ടിയെ തെരഞ്ഞെടുക്കൽ | | | |
| മലയാളം മധുരം / ഇംഗ്ലീഷ് മലയാള ഭാഷയിലും ഇംഗ്ലീഷിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകൽ. | തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് എല്ലാ ദിവസവും പരിശീലനം | അധ്യാപകർ | |
| ദിനാചരണങ്ങൾ ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കൽ. ദിനാചരണവുമായി ബന്ധപ്പെട്ട ലഘു കുറിപ്പുകൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കൽ. | ഓരോ ദിനത്തിന്റെയും പ്രാധാന്യം എന്തെന്നും അവ ആചരിക്കുന്നതിന് പിന്നിലെ അറിവ് കുട്ടികളിലേക്ക് എത്തിക്കുന്നതിനും | അധ്യാപകർ | എല്ലാ മാസവും |
| വായനാ കുറിപ്പ് തയ്യാറാക്കൽ ആഴ്ചയിൽ ഒരു ദിവസം ലൈബ്രറി പുസ്തകം എടുക്കുന്നു. വായിച്ച് കുറിപ്പ് തയ്യാറാക്കുന്നു. | വായനയിൽ പ്രാവീണ്യം നേടൽ 3-4 ക്ലാസുകൾ | ക്ലാസ് ടീച്ചർ | |

| | | | |
|---|---|---|---|
| വായനാ കാർഡ് നിർമ്മാണം<br>അധ്യാപക ശാക്തീകരണം. പാഠാനുബന്ധ പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് വായനാ കാർഡുകൾ തയ്യാറാക്കൽ. | ആർജ്ജിത പാഠങ്ങൾ, ആശയങ്ങൾ ഉപയോഗിച്ച് വായന, ലേഖനം പ്രാവീണ്യം നേടൽ. | | |
| കവികളും കവിതകളും<br>പാഠാനുബന്ധ പ്രവർത്തനത്തിന്റെ ഭാഗമായി കവികളെ പരിചയപ്പെടുന്നു. തുടർന്ന് കവിതകൾ വായിക്കുന്നു. | കവികളെയും കവിതകളെയും പരിചയപ്പെടുന്ന വായനയിൽ പ്രാവീണ്യം നേടൽ. | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം. |
| ഗണിത കിറ്റ്<br>ഓരോ ക്ലാസിനും ഗണിത കിറ്റ് സജ്ജമാക്കൽ | • ഗണിത പഠനം സുഗമമാക്കൽ.<br>• പിന്നോക്കക്കാർക്ക് ഗണിതം ലളിതമാക്കൽ | SRG, ക്ലാസ് ടീച്ചർ | ആവശ്യാനുസരണം. |
| പഠനോപകരണ നിർമ്മാണ ശില്പശാല- ഗണിതം<br>അധ്യാപക ശാക്തീകരണം. പാഠഭാഗത്തിന് ആസ്പദമായ പഠനോപകരണങ്ങൾ നിർമ്മിക്കൽ, ബ്ലോക്ക്, സ്റ്റിക്കർ, അളവ് പാത്രങ്ങൾ | ഗണിത പഠനം സുഗമമാക്കൽ.<br>3-4 ക്ലാസുകളിലേക്ക് | HM, SRG | വർഷത്തിൽ രണ്ട് പ്രാവശ്യം. |

| | | | |
|---|---|---|---|
| ഗണിതം മധുരം<br>ജ്യാമിതീയരൂപങ്ങൾ, മൂർത്ത വസ്തുക്കൾ, ചിത്രങ്ങൾ etc..... ഉപയോഗിച്ച് ക്ലാസ് മുറിയിൽ ചുവരിൽ ഗണിത കോർണർ ഒരുക്കൽ. | .ഗണിതം മധുരമാക്കൽ 1-2 ക്ലാസ് കുട്ടികൾക്ക് | Hm, അധ്യാപകർ | |
| ശാസ്ത്രലാബ് -സജ്ജീകരിക്കൽ<br>പരിസര പഠനം<br>പരിസരപഠനത്തിന് ആവശ്യമായ വസ്തുക്കൾ സജ്ജമാക്കൽ. | ശാസ്ത്ര ലാബ് സജ്ജീകരിക്കൽ. | Hm, അധ്യാപകർ, PTA | വർഷത്തിൽ ഒരു പ്രാവശ്യം |
| ലഘുപരീക്ഷണങ്ങൾ<br>ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ 1-4 ക്ലാസുകൾക്ക് | ക്ലാസ് ടീച്ചർ | വർഷത്തിൽ ഒരു പ്രാവശ്യം |
| പൊതുസ്ഥാപനങ്ങൾ സന്ദർശിക്കൽ<br>പ്രവർത്തനങ്ങൾ അറിയൽ | പൊതുസ്ഥാപനങ്ങൾ ഏതൊക്കെ, പ്രവർത്തനങ്ങൾ അറിയൽ 1-4 ക്ലാസുകൾ | | |
| ആഹാരത്തിലെ വൈവിധ്യങ്ങൾ<br>പലതരം പലഹാരങ്ങൾ, ആഹാരസാധനങ്ങൾ. | | | |

| | | | |
|---|---|---|---|
| പാനീയങ്ങൾ പരിചയപ്പെടുത്തൽ. പാകം ചെയ്യുന്ന വിധം, വേണ്ട വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ. | • കേരളീയരുടെ തനത് ഭക്ഷണങ്ങൾ പരിചയപ്പെടുത്തൽ. 1-4 വരെ ക്ലാസുകൾ | SRG, ക്ലാസ് ടീച്ചർ | വർഷത്തിൽ ഒരു പ്രാവശ്യം |
| സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് ഫീൽഡ് ട്രിപ്പ്, ചർച്ച, ലഘു പരീക്ഷണങ്ങൾ എല്ലാ ക്ലാസിലെയും കുട്ടികൾ ചേർന്ന് നടത്തൽ. | പരിസര പഠനം ലളിതമാക്കൽ, പ്രകൃതിയിൽ ഇറങ്ങി അറിയൽ | SRG ക്ലാസ് ടീച്ചർ | മാസത്തിൽ ഒരു ദിവസം |
| ബാലസഭ കഥ, കവിത, പാട്ടുകൾ, നാടകം എല്ലാ കുട്ടികളുടെയും മുന്നിൽ അവതരിപ്പിക്കൽ | കുട്ടികളിലെ കലാവാസനകൾക്ക് പരിപോഷണം. | അധ്യാപകർ | എല്ലാ മാസത്തിലെയും അവസാനത്തെ വെള്ളിയാഴ്ച |
| കായിക പരിശീലനം കളി ഉപകരണങ്ങൾ ഉപയോഗിച്ച് വൈകുന്നേരങ്ങളിൽ എല്ലാ കുട്ടികൾക്കും പരിശീലനം. | കായിക പരിശീലനം കാര്യക്ഷമമാക്കൽ | ക്ലാസ് ടീച്ചർ | ആഴ്ചയിൽ ഒരു ദിവസം |
| പഠനയാത്രകൾ സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ. | പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കും. | SRG | വർഷത്തിൽ ഒരു പ്രാവശ്യം |

| | | | |
|---|---|---|---|
| പച്ചക്കറിത്തോട്ടം<br>വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ പച്ചക്കറിത്തോട്ടം ഒരുക്കൽ. | കൃഷി താല്പര്യം കുട്ടികളിൽ ഉണ്ടാക്കൽ. | Hm PTA | വർഷത്തിൽ ഒരു പ്രാവശ്യം |
| ജൈവവൈവിധ്യ പാർക്ക്<br>സ്കൂളിലെ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ | പ്രകൃതിയെ അടുത്തറിയാൻ അവസരം ഒരുക്കുക. | Hm, PTA, SRG | വർഷത്തിൽ ഒരു പ്രാവശ്യം |
| ക്ലാസ് പിടിഎ സജീവമാക്കൽ<br>ക്ലാസ് പിടിഎ കൃത്യമായ അജണ്ട വെച്ച് പ്രതിമാസം ചേരൽ. പഠനപുരോഗതി പരിശോധിക്കൽ. മികവുകളുടെ അവതരണം. പൊതുചർച്ച. | | | |
| പോഷകാഹാര പരിപാടി<br>ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്തമായ പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ. | ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | Hm, PTA | എല്ലാ ദിവസവും |

| | | | |
|---|---|---|---|
| ആദരിക്കൽ<br>അഭിമുഖം<br>വിദ്യാലയ പരിസരത്ത് താമസിക്കുന്ന 80 വയസ്സിന് മുകളിൽ പ്രായമുള്ളവരെ ആദരിക്കൽ, അഭിമുഖം നടത്തൽ | വിദ്യാലയ പ്രവർത്തനത്തിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കൽ | | വർഷത്തിൽ ഒരു പ്രാവശ്യം. |

## പ്രതീക്ഷിത നേട്ടങ്ങൾ

- ലിംഗ സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനത്തിലേക്ക് ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സ്വാംശീകരിക്കുന്നു.
- മത്സരാപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാർത്ഥി സംഘത്തോടെ ഉണർവേകുന്ന പ്രവർത്തനങ്ങൾക്ക് തുടക്കമിടുവാൻ കഴിയുന്നു.

## മോണിട്ടറിംഗ് രീതി

- ദൈനംദിന സ്കൂൾ പ്രവർത്തനങ്ങൾ Hm, SRG കൺവീനർ മോണിറ്റർ ചെയ്യുന്നു.
- പി.ടി.എ പ്രസിഡന്റ്, മദർ പി.ടി.എ പ്രസിഡന്റ് സ്കൂൾ പ്രവർത്തനങ്ങൾ മാസത്തിൽ വിലയിരുത്തുന്നു.

# ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന പൊതുവി-
യമായ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കരണം ഇപ്പോൾ തന്നെ
ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്.
ഈ നടപടികൾക്ക് സമഗ്രവും ശാസ്ത്രീയവും സുതാര്യവുമായ നിയമം
സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതികൾ വേണം പൊതുവിദ്യാഭ്യാസ
സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ
സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന മുഴുവൻ ജനങ്ങളുടെ
ഇടപെടൽ ഈ യജ്ഞത്തിൽ പങ്കാളിയാകുക എന്നതാണ്.
നാടിന്റെ ഏതൊരു ദിക്കിലെ മക്കൾക്കും സൗജന്യമായ മികച്ച
വിദ്യാലയത്തിന്റെ സൗകര്യം ലഭ്യമാക്കുന്നതിനും കൂടുതൽ
മെച്ചപ്പെടുത്തുന്നതിനും ഈ വികസന സേവ ഉപകരിക്കട്ടെ
സവിനയം ആഗ്രഹിക്കുന്നു.